(ബി) ഇവർക്ക് കുടിവെള്ളത്തിന് എത്ര ടാപ്പിട്ടിരുന്നു; ഒരു ടാപ്പ് ശരാശരി എത്ര പേരാണ് ഉപയോഗിച്ചിരുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ അയ്യപ്പൻമാർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്;

(ഡി) സീസൺ കാലത്തേക്കുമാത്രം അടിക്കാടു വൃത്തിയാക്കി അയ്യപ്പൻമാർക്കു തങ്ങാനും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമൊരുക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) അയ്യപ്പൻമാർ തങ്ങുന്നയിടങ്ങളിൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമാക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) കുടിവെള്ള വിതരണത്തിനായി 300-ൽപരം ടാപ്പുകൾ സ്ഥാപിച്ചിരുന്നു. ഒരേ സമയം 48 ലക്ഷം ലിറ്റർ ജലം സംഭരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ലഭ്യമാക്കിയിരുന്നു.

(സി, ഡി) 750 സ്ഥിരം കക്കൂസുകളും ശബരിമലയിൽ 770 പൊതു കക്കൂസുകളും വിവിധ കെട്ടിടങ്ങളോടനുബന്ധിച്ച് 1250 കക്കൂസുകളും കൂടാതെ കാനനപാത, ശരംകുത്തി, മരക്കൂട്ടം എന്നിവിടങ്ങളിൽ സാനിട്ടേഷൻ സൊസൈറ്റി മുഖേനയുള്ള താൽകാലിക കക്കൂസുകളും നിർമ്മിച്ചിരുന്നു. ഉത്സവകാലത്ത് വനംവകുപ്പിന്റെ അനുമതിയോടെ അടിക്കാടുകൾ വെട്ടിത്തെളിച്ച് അയ്യപ്പൻമാർക്ക് സൗകര്യമൊരുക്കാറുണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റിയും, ദേവസ്വം ബോർഡും സന്നദ്ധ സംഘടനകളും സംയുക്തമായി അയ്യപ്പൻമാർക്ക് കുടിവെള്ള വിതരണം നടത്തി വരുന്നുണ്ട്. വരുംവർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കുടിവെള്ള വിതരണം ഏർപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതുമാണ്.

പടനിലം പരബ്രഹ്മ ക്ഷേത്രത്തെ ഇടത്താവളമായി

പ്രഖ്യാപിക്കുന്നതിന് നടപടി

95 [1992] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടന കാലത്ത് പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ദർശനം നടത്തുന്ന നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) പടനിലം ക്ഷേത്രത്തിലെ മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടുത്ത സീസണുമുന്പ് ഈവിടം ഇടത്താവളമായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിലുള്ള ക്ഷേത്രങ്ങൾ മാത്രമേ ശബരിമല ഉത്സവകാലത്ത് ഇടത്താവളമായി ബോർഡ് പ്രഖ്യാപിക്കാറുള്ളൂ. നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ളതല്ല. ആയതിനാൽ പടനിലം ക്ഷേത്രം ഇടത്താവളമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പൂജാരിമാരുടെ സേവന വേതന വ്യവസ്ഥകൾ

96 [1993] ശ്രീ. വി. ഡി. സതീശൻ :

,, വി. ജെ. പൗലോസ്:

ശ്രീമതി രാധാരാഘവൻ:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര പൂജാരിമാരുണ്ട്;

(ബി) പൂജാരിയാകുന്നതിനുള്ള യോഗ്യതയെന്താണ്;

(സി) പ്രസ്തുത ജീവനക്കാരുടെ ശമ്പള സ്കെയിലെത്ര; ഇവരെ ക്ലാസ് ഫോർ ജീവനക്കാരായാണോ കണക്കാക്കുന്നത്;

(ഡി) ഇവരുടെ ജോലി എപ്പോഴാണ് ആരംഭിക്കുന്നതും അവസാനിക്കുന്നതും എന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ജീവനക്കാർ ദിവസവും എത്ര മണിക്കൂർ ജോലി ചെയ്യുവാൻ ബാദ്ധ്യസ്ഥരാണ്; ഇവരുടെ ജോലി സ്വഭാവം വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ജീവനക്കാരുടെ ശമ്പളവും സ്റ്റാറ്റസും ഉയർത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 9-ാം ക്ലാസുവരെയുള്ള പഠനം പൂർത്തിയായിരിക്കണം, ശാന്തി ജോലിയിൽ പരിചയം, സംസ്കൃത പരിജ്ഞാനം എന്നിവയാണ് പൂജാരിയാകുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ യോഗ്യതകൾ. കൊച്ചി ദേവസ്വം ബോർഡിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട് ടൈം ലാവണത്തിലാണ് ആദ്യം നിയമിക്കുന്നത്. 1,250 രൂപ അടിസ്ഥാന ശമ്പളം. ഒഴിവുണ്ടാകുന്ന മുറയ്ക്ക്, ഫുൾടൈം ലാവണത്തിൽ 1890-2670 സ്കെയിലിൽ നിയമിക്കും. കൊച്ചി ദേവസ്വം ബോർഡിലെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly